കൃഷി ഫാമുകളുടെ പ്രവർത്തനം

90 [2842] *ശ്രീ. സി. ടി. അഹമ്മദ് അലി:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *സി. മോയിൻകുട്ടി:*
„ *കെ. എൻ. എ. ഖാദർ:*
„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഫാമുകളുടെ പ്രവർത്തനം ലാഭകരമാണോ;

(ബി) ഓരോ ഫാമിനും കുറഞ്ഞ വിസ്തീർണ്ണം എത്രയെന്നും കൂടിയ വിസ്തീർണ്ണം എത്രയായിരിക്കണമെന്നും നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ ഉള്ള കൃഷി ഫാമുകളിൽ ഏതെല്ലാം വിളകളാണ് കൃഷി ചെയ്യുന്നത്;

(ഡി) കൃഷി ഫാമുകൾ കൊണ്ട് സ്ഥലത്തെ കൃഷിക്കാർക്ക് എന്തെല്ലാം പ്രയോജനം ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൊത്തത്തിൽ ലാഭകരമല്ല. സംസ്ഥാനത്തെ കൃഷിവകുപ്പിനു കീഴിലുള്ള 61 ഫാമുകളിൽ മൂന്നു ഫാമുകൾ (കരുനാഗപ്പള്ളി, പരപ്പനങ്ങാടി, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ തെങ്ങിൻ തൈ ഉൽപാദന കേന്ദ്രങ്ങൾ) ലാഭകരമായി പ്രവർത്തിക്കുന്നു.

(ബി) ഇല്ല.

(സി) സംസ്ഥാനത്തെ കൃഷി വകുപ്പിനു കീഴിലുള്ള ഫാമുകളിൽ നെല്ല്, തെങ്ങ്, കുരുമുളക്, കശുമാവ്, വാഴ, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ, കാപ്പി, കവുങ്ങ്, പയറുവർഗ്ഗവിളകൾ, ചേന, ചേമ്പ്, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, മാവ്, പ്ലാവ്, പേര, സപ്പോട്ട, ഓറഞ്ച്, ചെറി, ജാതി, ഗ്രാമ്പു, കറുവ, വാനില, കൊക്കോ, പൈനാപ്പിൾ, അലങ്കാരസസ്യങ്ങൾ, ഔഷധസസ്യങ്ങൾ എന്നീ വിളകൾ കൃഷി ചെയ്യുന്നു.

(ഡി) കൃഷിക്കാവശ്യമായ അത്യുൽപാദന ശേഷിയുള്ള നല്ലയിനം നടീൽ വസ്തുക്കൾ ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് ന്യായമായ നിരക്കിൽ കൃഷിഭവനുകളിലൂടെയും നേരിട്ടും കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ ഫാമുകളിലെ കൃഷി രീതികൾ നേരിട്ടു മനസ്സിലാക്കുന്നതിനുള്ള സൗകര്യങ്ങളും കർഷകർക്ക് ചെയ്തു കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly